# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥക്ക് ₹ 50200 -105300 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം (Ratio Promotion) - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/31740/17/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 26.01.2024

---

വായന:- 1.10.02.2021- ലെ സ.ഉ (പി) നമ്പർ നം.27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
2.24.01.2023 ലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഈ കാര്യാലയത്തിലെ ഇജി3/36602/22/ഡിടിഇ നമ്പർ മുൻഗണനാ പട്ടിക
3.14.12.2023 ലെ ഈ കാര്യാലയത്തിലെ ഇഡി1/15755/ഡിടിഇ/23 ഡിടിഇ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം (3) ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് പ്രമോഷൻ ലഭിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) തസ്തികയുടെ ഒരൊഴിവ് വന്നിട്ടുണ്ട്.

പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം XI (എ) പ്രകാരം, ജൂനിയർ സൂപ്രണ്ടിന്റെയും സമാന തസ്തികകളുടെയും മൂന്നിൽ ഒന്ന് (1/3) തസ്തികകൾക്ക് റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിൽ ജൂനിയർ സൂപ്രണ്ടിന്റെയും സമാന തസ്തികകളുടെയും അംഗീകൃത ശ്രേണി ബലം 48 ആണ്.

മേൽ സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥക്ക്, 1958 ലെ ഭാഗം - II, കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28 (b) (ii) ലെ വ്യവസ്ഥകൾക്ക് വിധേയമായി ₹ 50200 - 105300 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ആനുപാതിക സ്ഥാനക്കയറ്റം (Ratio Promotion) നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നമ്പർ | വായന (2) സീനിയോറിറ്റി പട്ടികയിലെ ക്രമ.നമ്പർ | പേര്,സ്ഥാപനം,പെൻ | ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിക്കുന്ന തീയതിയും, ഒഴിവിൻറെ സ്വഭാവവും |
|---|---|---|---|
| 1 | 32 | ശ്രീമതി.മേഴ്സി ജോർജ്ജ്.പി<br>ജൂനിയർ സൂപ്രണ്ട്,<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,തൃശ്ശൂർ<br>പെൻ - 197309 | 14.12.2023<br>(ശ്രീമതി.മിനിമോൾ.എസ്.കെ - ക്ക സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവ്) |

ജൂനിയർ സൂപ്രണ്ട് തസ്തികയും, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയും തമ്മിൽ ജോലിയിലും,



Draft #30 of File ED1/31740/17/DTE Approved by Senior Administrative Officer on 26-Jan-2024 10:43 PM - Page 1

തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിലും (Duties and Responsibilities) വ്യത്യാസങ്ങൾ ഇല്ലാത്തതിനാൽ ടി സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യ തീയതി മുതൽ ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 23 (d) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ടി ഉദ്യോഗസ്ഥക്ക് സ്ഥാനക്കയറ്റത്തിൻറെ ഭാഗമായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാനക്കയറ്റം ലഭിച്ച ടി ഉദ്യോഗസ്ഥയുടെ ശമ്പള നിർണ്ണയം ടി ആഫീസ് മേധാവി നടത്തേണ്ടതും, ആയതിൻറെ വിവരം ടിയാളുടെ സേവന പുസ്തകത്തിലും, സ്പാർക്ക് ഡേറ്റാബേസിലും രേഖപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്/-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1.പ്രിൻസിപ്പാൾ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,തൃശ്ശൂർ (ഡിടിഇ വെബ് സൈറ്റ് മുഖാന്തിരം)
2.ശ്രീമതി.മേഴ്സി ജോർജ്ജ്.പി,ജൂനിയർ സൂപ്രണ്ട്, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ (ആഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
3.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 26.01.2024
Reason: Approved

Draft #30 of File ED1/31740/17/DTE Approved by Senior Administrative Officer on 26-Jan-2024 10:43 PM - Page 2

The document is digitally approved. Hence signature is not needed.